# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*246 19.02.2016 ൽ മറുപടിക്ക്**

**മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, എളമരം കരീം<br>,, കെ.കെ.നാരായണൻ<br>,, വി.ശിവൻകുട്ടി | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതിയിൽ മരാമത്ത് വകുപ്പിന്റെ 21 വൻകിട പദ്ധതികൾ ഏതവസ്ഥയിലാണ്; | എ) ജില്ലാതല മുഖ്യ അടിസ്ഥാന സൗകര്യ വികസന പരിപാടിയിൽ (DFIP) ഉൾപ്പെട്ട 15 പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ട് ഇവ പരിശോ ധിച്ച് വരുന്നു. 5 പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി വരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തി യിരുന്ന മുനമ്പംകവല മുതൽ വരാപ്പുഴ വരെയുള്ള റോഡിന്റെ വികസനം ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് |
| ബി) പ്രസ്തുത പദ്ധതികളുടെ ആകെ ചെലവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; അതിന് ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; | ബി) പ്രസ്തുത പദ്ധതികളിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ 15 പദ്ധതികളുടെ ആകെ മതിപ്പ് ചെലവ് 2297 കോടി രൂപയാണ്. മറ്റുള്ളവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ ആകെ ചെലവ് ഇപ്പോൾ കൃത്യമായി നൽകുവാൻ കഴിയില്ല. |
| സി) പ്രസ്തുത പദ്ധതി രേഖ തയ്യാറാക്കുന്നതിന് എത്ര തുക ചെലവഴിച്ചുവെന്നറിയിക്കാമോ; | സി) ഇതിനായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| ഡി) പെട്രോൾ-ഡീസൽ നികുതിയിൽ നിന്ന് പദ്ധതിക്കായി പ്രഖ്യാപിച്ചിരുന്ന വിഹിതം എത്രയെന്നും അത് ലഭിക്കുകയുണ്ടായോയെന്നും അറിയിക്കാമോ? | ഡി) സംസ്ഥാനത്ത് വില്ക്കപ്പെടുന്ന ഡീസലിന്റെയും, പെട്രോളിന്റെയും മേൽ 1 രൂപാ നിരക്കിൽ ചുമത്തിയിട്ടുള്ള അധിക വില്പ്പന നികുതിയി-നത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 50% ആണ് ഈ പദ്ധതിക്കായിഅനുവദിച്ച് നൽകുന്നത്. ഈ സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ |

ഇപ്രകാരംപിരിച്ചെടുത്ത വിഹിതം പദ്ധതി യുടെ ധനസമാഹരണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ